# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന പരിശീലന പരിപാടിയുടെ ഫീസ് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.3826/2015/തസ്വഭവ തിരുവനന്തപുരം, തീയതി : 21.12.2015.**

---

പരാമർശം : 1. 11.06.2013-ലെ സ.ഉ(സാധാ)നം.1509/2013/തസ്വഭവ
2. 01.07.2013-ലെ സ.ഉ.(സാധാ)1735/2013/തസ്വഭവ
3. പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ അഡ്മിനിസ്ട്രേറ്ററുടെ 29.10.2015-ലെ 1101/എ/പി.ആർ.ടി.സി/15 നമ്പർ കത്ത്
4. 02.12.2015-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ **3.5** നമ്പർ തീരുമാനം

22-12

## ഉത്തരവ്

പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം കോഴിക്കോട് ജില്ലയിലെ പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന പരിശീലന പരിപാടിയുടെ ഫീസ് 18000/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ചെലവുകൾക്ക് പ്രസ്തുത തുക അപര്യാപ്തമായതിനാൽ ആയത് 25000/-രൂപയായി വർദ്ധിപ്പിക്കണമെന്ന് പരാമർശം 3-ലെ കത്ത് പ്രകാരം പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ അഡ്മിനിസ്ട്രേറ്റർ അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം 4-ലെ കോ-ഓർഡിനേഷൻ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരിശീലനപരിപാടിക്ക് ഒരാളിന് നൽകാവുന്ന ഫീസ് 25000/-രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. ആയതിലെ ഗുണഭോക്തൃവിഹിതം എസ്.സി/എസ്.ടി ഗുണഭോക്താവ് 1000/-രൂപയും ബി.പി.എൽ ജനറൽ വിഭാഗം ഗുണഭോക്താവ് 2000/-രൂപയും ഒടുക്കേണ്ടതാണ്. ബാക്കി വരുന്ന തുക യഥാക്രമം 24000/-രൂപ എസ്.സി/എസ്.ടി വിഭാഗക്കാർക്കും 23000/-രൂപ ബിപിഎൽ ജനറൽ വിഭാഗക്കാർക്കുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സബ്സിഡിയായി ഒടുക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.എസ്.ശോഭന**

**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ, സിവിൽ സ്റ്റേഷൻ.പി.ഒ, കോഴിക്കോട്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ